## അടിയന്തരപ്രമേയം

### കാപ്പ നിയമത്തിന്റെ ദുരുപയോഗം

മി. സ്പീക്കർ: ശ്രീ. എം. ഹംസ തന്നിരുന്ന ഇതേ വിഷയം ഇന്നത്തെ സബ്മിഷനിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. പക്ഷേ അതിനുശേഷമാണ് ഇതേ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് അടിയന്തിരപ്രമേയം വന്നത്. സ്വാഭാവികമായും അടിയന്തര പ്രമേയം വരുമ്പോൾ അത് ഇല്ലാതാകും. അത് അങ്ങയുടെ അറിവിനുവേണ്ടി സഭയിൽ പറഞ്ഞതാണ്.

ജനകീയ സമരങ്ങളിൽ ഏർപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകരെ നേരിടാൻ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന പോലീസ് നടപടി സാമൂഹ്യ പ്രവർത്തകരിലാകെ ഉത്കണ്ഠയുളവാക്കിയിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഇ. പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ ഗുണ്ടാ മാഫിയാപ്രവർത്തനങ്ങളെ അടിച്ചമർത്തുവാനും സംസ്ഥാനത്തെ മാഫിയാപ്രവർത്തനങ്ങളിൽനിന്നും രക്ഷിക്കാനും വേണ്ടി 2007–ൽ ഈ നിയമസഭതന്നെയാണ് ഗുണ്ടാ ആക്ട് – കേരള സാമൂഹ്യവിരുദ്ധപ്രവർത്തനം തടയൽ നിയമം പാസ്സാക്കിയത്. ഈ നിയമ പ്രകാരം രണ്ട് പ്രധാനപ്പെട്ട വകുപ്പുകൾ അനുസരിച്ചാണ് നടപടികൾ

മുന്നോട്ട് കൊണ്ടുപോകുന്നത്. സെക്ഷൻ 3 പ്രകാരം അറിയപ്പെടുന്ന ഗുണ്ടകളേയും റൗഡികളേയും ജില്ലാ മജിസ്ട്രേറ്റിന്റെ ഉത്തരവുപ്രകാരം തടങ്കലിൽ സൂക്ഷിക്കാനും (detention), സെക്ഷൻ 15 പ്രകാരം ഗുണ്ടകളേയും റൗഡികളേയും നിശ്ചിത പ്രദേശത്ത് പ്രവേശിപ്പിക്കുന്നത് നിരോധിക്കുന്ന നടപടിയും, ഈ നിയമമനുസരിച്ച് സ്വീകരിക്കേണ്ട നടപടി അഡ്വൈസറി ബോർഡിന്റെ പരിഗണനയ്ക്ക് വരുന്നതും ബോർഡ് തടങ്കൽ നടപടിയിന്മേൽ തീരുമാനമെടുക്കുന്നതുമാണ് സാധാരണഗതിയിൽ സ്വീകരിച്ചുവരുന്ന സമീപനം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം രാഷ്ട്രീയമായ പകപോക്കലിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയും കാപ്പ നിയമം നടപ്പാക്കിയിട്ടില്ല. എന്നാൽ അവർ നിരന്തരം ചെയ്തുവരുന്ന ഗുണ്ടാ പ്രവർത്തനങ്ങളുടെ കാഠിന്യം കണക്കിലെടുത്തും അതോടൊപ്പം ആരോപിക്കപ്പെട്ട കേസുകളിൽ വ്യക്തിവൈരാഗ്യവും രാഷ്ട്രീയ വിരോധവുംമൂലം പ്രതിയോഗികളെ അക്രമിച്ചതിനും മുതലുകൾ നശിപ്പിച്ചതിനുമെടുത്ത കേസുകളാണ് നിലവിലുള്ളത്. കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനം തടയൽ നിയമം വകുപ്പ് 2(പി)3 പ്രകാരം വിവക്ഷിച്ചിട്ടുള്ള വ്യക്തികൾ സമാധാന ജീവിതത്തിനും പൊതുജനങ്ങളുടെ ജീവന് ഭീഷണിയും മുതലിന് നാശമുണ്ടാക്കുന്നതും നിയമപരിപാലനത്തിന് ഭംഗം വരുത്തുന്നതുമാണെന്ന് വ്യക്തമായി മനസ്സിലാക്കിയതിന്റെ യടിസ്ഥാനത്തിൽ അവരുടെ പ്രവൃത്തികൾ തടയുന്നതിനും ആ പ്രദേശത്ത് സമാധാനം നിലനിർത്തുന്നതിനും അത്തരം വ്യക്തികളെ കുറ്റകൃത്യത്തിൽനിന്ന് പിന്തിരിപ്പിക്കുന്നതിനുമായി യഥാസമയങ്ങളിൽ നിയമ പരമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും കുറ്റകൃത്യങ്ങളും സാമൂഹ്യവിരുദ്ധ

പ്രവർത്തനങ്ങളും വീണ്ടും ചെയ്തുകൊണ്ട് പൊതുജനങ്ങളുടെ സമാധാനപരമായ ജീവിതത്തിന് ഭീഷണി ജനിപ്പിക്കത്തക്കവിധം പ്രവർത്തിച്ചുവരുന്നതിനാലാണ് അവരുടെ പേരിൽ കാപ്പ നിയമം, കേരളാ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് പ്രകാരം നടപടികൾ എടുത്തിട്ടുള്ളത്. സെക്ഷൻ 15(1) പ്രകാരം ഈ നോട്ടീസിൽ ഉൾപ്പെടുന്ന വ്യക്തിക്ക് പറയാൻ അവസരം നൽകിയതിനുശേഷമേ നോട്ടീസ് നൽകിയ ഉദ്യോഗസ്ഥന് തുടർനടപടികളെടുക്കാൻ അധികാരമുള്ളൂ. സെക്ഷൻ 15(1) പ്രകാരം ജില്ലാ മജിസ്ട്രേട്ടോ, ഐ.ജി.-യോ പുറപ്പെടുവിക്കുന്ന ഉത്തരവിനെ അസ്ഥിരപ്പെടുത്താൻ മേലുദ്യോഗസ്ഥൻമാർക്ക് ഈ നിയമപ്രകാരം അധികാരമില്ല. വകുപ്പ് 15(2) പ്രകാരം ഇപ്രകാരമുള്ള ഉത്തരവിനെതിരെ 15 ദിവസത്തിനകം കാപ്പ നിയമോപദേശക ബോർഡിന്റെ മുമ്പിൽ നിവേദനം കൊടുക്കാവുന്നതാണ്. അതോടൊപ്പം സെക്ഷൻ 15(3) പ്രകാരം ഐ.ജി.-ക്ക് വീണ്ടും പരാതി നൽകുകയോ അതുമല്ലെങ്കിൽ സർക്കാരിലേയ്ക്ക് പരാതി നൽകുകയോ ചെയ്യാവുന്നതാണ്. ഈ നിയമം ദുരുപയോഗപ്പെടുത്താതിരിക്കാൻവേണ്ടിയുള്ള നടപടികൾതന്നെ ഈ നിയമത്തിൽ ഉള്ളതാണ്. കാപ്പ നിയമത്തിന്റെകീഴിൽ നടപടിയെടുക്കുന്ന ഏതൊരു വ്യക്തിക്കും ഉപദേശകബോർഡ്, സർക്കാർ എന്നിവിടങ്ങളിൽനിന്ന് പരാതിപരിഹാരം തേടാനുള്ള അവസരവുമുണ്ട്. സെക്ഷൻ 2(ഒ)2 പ്രകാരമോ സെക്ഷൻ 2(പി)34 പ്രകാരമോ സെക്ഷൻ 2(പി)5 പ്രകാരമോ വരുന്നവരുടെ പേരിൽ ഈ നിയമം നടപ്പിലാക്കാൻ സർക്കാർ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഒരു വിധത്തിലും ദുരുപയോഗപ്പെടുത്താതിരിക്കാൻ തക്കതായ വകുപ്പുകൾ ഉൾക്കൊള്ളുന്നതാണ് കാപ്പ ആക്ട്. ആയതിനാൽ ഈ നിയമ നടപടിയെടുക്കുന്ന ഏതൊരു വ്യക്തിക്കും

ഉപദേശക ബോർഡ്, സർക്കാർ എന്നിവിടങ്ങളിൽനിന്ന് പരാതി പരിഹാരം തേടാവുന്നതാണ്. ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെക്കാൾ വലുത് സമൂഹത്തിന്റെ സ്വാതന്ത്ര്യവും സമാധാനപരമായ ജീവിതവുമാണ്. വ്യക്തികളുടെ പൗരാവകാശത്തെയും ജനാധിപത്യ അവകാശങ്ങളെയും ധ്വംസിക്കുക എന്നുള്ളത് ഈ സർക്കാരിന്റെ സമീപനമല്ല. അതേസമയം ഒരു വ്യക്തി സമൂഹത്തിനാകെ ഭീഷണിയായി വരുമ്പോൾ അത് നിയന്ത്രിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. അല്ലാതെ ഒരു രാഷ്ട്രീയപാർട്ടി പ്രവർത്തകരുടെ മേലിലും കാപ്പ നിയമം പ്രയോഗിക്കരുത് എന്നുള്ളതാണ് സർക്കാരിന്റെ നയം. നിരവധി തവണ ഇതിവിടെ വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രവുമല്ല ഹൈക്കോടതിയിലോ സുപ്രീംകോടതിയിലോ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ പേരിൽ കാപ്പ നിയമം ചുമത്തിയെന്നപേരിലുള്ള ഒരു പരാമർശവും ഉണ്ടായിട്ടില്ല എന്നുള്ളത് പ്രത്യേകം സ്മരണീയമായ കാര്യമാണ്. അതുകൊണ്ട് ഒരു രാഷ്ട്രീയപാർട്ടി പ്രവർത്തകരുടെ പേരിലും രാഷ്ട്രീയമായ ദുരുദ്ദേശത്തോടുകൂടി കാപ്പ നിയമം പ്രയോഗിക്കുക ഈ സർക്കാരിന്റെ നയമല്ല. അങ്ങനെ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് സഭ നിറുത്തിവച്ച് ഇവിടെ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ഇവിടെ ഒരു നിയമത്തെ സംബന്ധിച്ചും അതിന്റെ വകുപ്പുകളെ സംബന്ധിച്ചുമുള്ള വ്യാഖ്യാനമാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നടത്തിയിട്ടുള്ളത്. കാപ്പ നിയമത്തെ ഗവൺമെന്റ് ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് 2007

ഒക്ടോബറിൽ നടപ്പിലാക്കി. ഈ നിയമം ജനങ്ങളുടെ സുരക്ഷിതത്വത്തിന് ഭീഷണിയാകുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ചചെയ്യാനുള്ളതാണ്. വളരെ പ്രതിക്ഷയോടുകൂടിയും കേരളത്തിന്റെ പ്രത്യേക സംരക്ഷണത്തിനും വേണ്ടിയുള്ള ഒരു കാഴ്ചപ്പാടോടുകൂടിയാണ് 2007-ൽ കേരള നിയമസഭ ഈ നിയമം പാസ്സാക്കിയത്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് നിയമത്തിൽ വ്യക്തമാക്കുന്നുണ്ട്. വ്യാജ വാറ്റുകാർ, കള്ളനോട്ട് നിർമ്മാണം, മയക്കുമരുന്ന് കുറ്റവാളികൾ, ഹവാല തട്ടിപ്പ്, ഗുണ്ട കൾ, വാടക ചട്ടമ്പികൾ, അസാന്മാർഗ്ഗിക കുറ്റവാളികൾ, കൊള്ളപ്പലിശക്കാർ, വസ്തു കയ്യേറ്റക്കാർ, ഡിജിറ്റൽ ഡാറ്റ പകർപ്പവകാശം അപഹരിക്കുന്നവർ, പാരിസ്ഥിതിക വിധ്വംസക പ്രവർത്തകർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരെ യാണ് കാപ്പ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ സ്വഭാ വമുള്ള കേസ്സുകളിൽ നിയമമനുസരിച്ച് ഒരു കോടതി അയാളെ ഒരു തവണ ശിക്ഷിച്ചിരിക്കണമെന്നാണ്. അവർക്കുനേരെയാണ് കാപ്പ പ്രയോഗിക്കേണ്ടത്. അല്ലെങ്കിൽ ഈ പട്ടികയിൽ പറയുന്ന വ്യത്യസ്തമായ കേസ്സുകളിൽ, 3 കേസ്സുകളിൽ പ്രതിയായിരിക്കണം. ഇങ്ങനെയുള്ളവരെയാണ് ഇതിൽ പ്രതി കളാക്കി വയ്ക്കുന്നത്. എന്നാൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് ഇത്തര ത്തിലുള്ള കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുക എന്നുള്ളതല്ല. ഈ നിയമത്തിൽ തന്നെ പറയുന്ന മറ്റൊരു കാര്യം, ഒരു അംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ അംഗമെന്ന നിലയിൽ പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പരിപാടിയിലോ പങ്കെടുക്കുന്നതുകൊണ്ടുണ്ടായ കേസ്സുകൾ ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതല്ല. ആയതിനാൽ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ ഈ നിയമംതന്നെ ഒഴിവാക്കി

വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കാപ്പ നിയമത്തെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പാർട്ടി താല്പര്യങ്ങൾക്കുവേണ്ടി നിയമവിരുദ്ധമായി ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

നിങ്ങൾ കാപ്പ നിയമം അനുസരിച്ച് 34 പേർക്കെതിരെ കേസെടുത്തു. ഇപ്പോൾ എത്ര കേസ് നിലനിൽക്കുന്നുണ്ട്? രാഷ്ട്രീയപരമായ കേസാണ്, കളക്ടറേറ്റ് പിക്കറ്റ് ചെയ്തതാണ്, പ്രകടനം നടത്തിയതാണ് എന്ന തിന്റെപേരിൽ 28 കേസുകളും അഡ്വൈസറി ബോർഡ് തള്ളി. ബാക്കിയുള്ളത് 6 കേസ്സുകളാണ്. അതും കോടതി തള്ളി. ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി വലിയ വിശദീകരണം നൽകി. എന്തിനാണ് ഇവരെ ഈ കേസ്സുകളിൽപ്പെടുത്തിയത്; രാഷ്ട്രീയ പ്രവർത്തകർ കാപ്പ നിയമത്തിന്റെ പരിധിയിൽപ്പെടുമോയെന്നാണ് കോടതി ചോദിച്ചത്. ഈ ഗവൺമെന്റിന്റെ നടപടിയെ കോടതി ശക്തമായി വിമർശിച്ചു. ഇതെല്ലാം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണല്ലോ? ഈ 34 കേസുകളും നിങ്ങൾ പ്രത്യേകമായെടുത്ത് ഈ കേസിലെ പ്രതികളെ നിങ്ങൾ ചൂണ്ടി കാണിക്കൂ. നിങ്ങൾ ഇവിടെ വിശദീകരിച്ച പട്ടികയിൽ ഏതെങ്കിലും പെടുമോ? ഒന്ന് ചൂണ്ടികാണിക്കാമോ? ഇതിൽപ്പെടുത്തിയ ആളുകളുടെ പേര് നിങ്ങൾക്ക് കേൾക്കണോ? ഡി.വൈ.എഫ്.ഐ.-യുടെ സംസ്ഥാന വൈസ് പ്രസിഡന്റ്, കണ്ണൂർ യൂണിവേഴ്സിറ്റിയിലെ പി. ജി. വിദ്യാർത്ഥിയെ കാപ്പ കേസിൽപ്പെടുത്തി ഒരു കൊല്ലം നാടുകടത്തി. നിങ്ങൾക്ക് എന്തിന്റെ തകരാറാണ്? പാലക്കാട് ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ–അദ്ധ്യാപകൻ–ഒരു ക്യാൻസർ രോഗി–സി.പി.ഐ.(എം) ഏര്യാ

കമ്മിറ്റി അംഗം, അദ്ദേഹത്തെയാണ് കേസ്സിൽപ്പെടുത്തി നാട് കടത്താൻ തീരുമാനിച്ചത്. കണ്ണൂരിലെ ഡിസിട്രിക്റ്റ് സ്പോർട്സ് കൗൺസിൽ ചെയർമാനും അവിടത്തെ ഡി.വൈ.എഫ്.ഐ.-യുടെ ഏറ്റവും അറിയപ്പെടുന്ന നേതാവുമായ ഒ. കെ. വിനീഷിനെ കാപ്പ കേസിൽപ്പെടുത്തി ഒരു കൊല്ലം നാടുകടത്തി. കോടതിയെ സമീപിച്ചതിനുശേഷമാണ് അദ്ദേഹം തിരിച്ചു വന്നത്. സഖാവ് കെ. കെ. ലതികയുടെ മകൻ ജൂലിയസ് നിഖിദാസ് എഞ്ചിനീയറാണ്, ഇവിടത്തെ എൻ.ഐ.ഐ.റ്റി.-യിൽ മിടുക്കനായി പഠിച്ച വിദ്യാർത്ഥിയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പു മന്ത്രിയായിരുന്നപ്പോൾ രാഷ്ട്രീയ വിരോധം തീർക്കാനല്ലേ പ്രതിയാക്കിയത്? ശ്രീ. മുല്ലപ്പള്ളി പറഞ്ഞിട്ടുണ്ടാകും. ഇതെല്ലാമാണല്ലോ രാഷ്ട്രീയ നിയമത്തിന്റെ ഏറ്റവും വലിയ പരിരക്ഷിതാക്കൾ. നിങ്ങൾ ചെയ്തതല്ലേ? മോഹനൻ മാസ്റ്ററോടും ശ്രീമതി കെ. കെ. ലതിക എം.എൽ.എ.-യോടുമുള്ള വിരോധം തീർക്കാനല്ലേ നിങ്ങളിത് ചെയ്തത്? ഇതാണോ ഒരു നിയമത്തിന്റെ ഉപയോഗം. കാപ്പ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന കേസ്സിൽ പൊതുപ്രവർത്തകരല്ലാത്ത ഏതെങ്കിലും ഒരു കുറ്റവാളിക്കെതിരെ നിങ്ങൾ നിയമപരമായി നടപടി സ്വീകരിച്ചിട്ടുണ്ടോ? കണ്ണൂർ ജില്ലയുടെ കാര്യമെടുക്കാം. പക്ക ക്രിമിനൽ കേസ്, പിടിച്ചുപറി, സ്വർണ്ണക്കട കവർച്ച, 136 കേസ് നിങ്ങൾ പിൻവലിച്ചില്ലേ? അതാണല്ലോ നിങ്ങൾ ഇവിടെ ചെയ്തിരിക്കുന്നത്. ഇവിടെ നിയമത്തിന്റെ ദുരുപയോഗമാണ് നടത്തിയിട്ടുള്ളത്, തെരുവു ഗുണ്ടകളും മാഫിയാ സംഘങ്ങളും സ്വൈരവിഹാരം നടത്തുകയാണ്. കവർച്ചയും പിടിച്ചുപറിയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമാണ് നടക്കുന്നത്.

കൊള്ളപ്പലിശക്കാർ നാട്ടിൽ വിഹരിക്കുകയാണ്. വാടക കൊലയാളികളും മണൽ മാഫിയാ ക്വട്ടേഷൻ സംഘങ്ങളും രാജ്യത്ത് വിലസുകയാണ്. കണ്ണൂരിൽ ചാലക്കുടിയിൽ നിന്നും കടവന്തറയിൽ നിന്നും രണ്ട് ക്വട്ടേഷൻ സംഘത്തെ കൊണ്ടുവന്ന് അവിടെ ഗുണ്ടാ ആക്രമണങ്ങൾ സംഘടിപ്പിക്കുകയാണ്. കണ്ണൂർ പോലീസ് അവരെ പിടിച്ചു. അവരെ മോചിപ്പിക്കാൻ ആരാണ് പരിശ്രമിച്ചതെന്ന് ബഹുമാന്യരായ രമേശ് ചെന്നിത്തലയ്ക്കും തിരുവഞ്ചൂർ രാധാകൃഷ്ണനും അറിയാമല്ലോ? ഒരു പോലീസ് സ്റ്റേഷനിൽ ക്വട്ടേഷൻ സംഘത്തെ പോലീസ് പിടിച്ചു. ആ പോസീസ് സ്റ്റേഷൻ രാപ്പകൽ ഉപരോധിച്ചില്ലേ? ആ പോലീസ് സ്റ്റേഷനിൽ തള്ളി കയറിയശേഷം നിങ്ങളുടെ പ്രധാന നേതാവ് സി.ഐ.-യെ തല്ലാൻ ശ്രമിച്ചില്ലേ? അറസ്റ്റ് ചെയ്ത ക്വട്ടേഷൻ സംഘത്തെ ചോദ്യം ചെയ്യാൻ നിങ്ങൾ സമ്മതിച്ചോ? പകലും രാത്രിയും അവിടെ ഇരുന്നശേഷം പോലീസിനോടൊപ്പം കോടതി വരെ ജൈത്രയാത്ര നടത്തി. ഇതെല്ലാം ടി വി.-യിലൂടെ പുറത്ത് വന്ന വാർത്തകളല്ലേ? എന്റെ നാട്ടിലാണ് വളപ്പട്ടണം പോലീസ് സ്റ്റേഷൻ. അവിടെ മണൽ കൊള്ള നടത്തുന്ന മണൽ മാഫിയയെ ഒരു എസ്.ഐ. പോയിപിടിച്ചു. മണൽ മാഫിയയ്ക്കുവേണ്ടി പോലീസ് സ്റ്റേഷൻ കയ്യേറി, എസ്.ഐ-യെ തല്ലി. അവിടെയൊന്നും കാപ്പ നിയമമില്ല. അവിടെയെല്ലാം രാഷ്ട്രീയ പ്രവർത്തനവും സി.പി.ഐ.(എം). പ്രവർത്തകർക്ക് നേരെ കാപ്പ നിയമവുമാണ്. നിങ്ങൾ നിയമത്തെ ദുരുപയോഗപ്പെടുത്തുകയാണ്. കണ്ണൂർ ജില്ലയിൽ തന്നെയുള്ള ഒട്ടനവധി കാര്യങ്ങളെ കുറിച്ച് ഈ സഭ മനസ്സിലാക്കേണ്ടതുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാനായ വിനീഷിന് നേരെ ഈ നിയമം ഉപയോഗിച്ചപ്പോൾ നിയമസഭയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു

സബ്മിഷൻ അവതരിപ്പിച്ചു. ആ സബ്മിഷന് മറുപടിയായി അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് ഇത് രാഷ്ട്രീയ പ്രവർത്തകർക്ക് നേരെ ദുരുപയോഗപ്പെടുത്തുകയില്ല എന്നാണ്. നിങ്ങൾ ഇത് പാലിച്ചോ? പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ഇവിടെയെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും പ്രത്യേകിച്ച് സി.പി.ഐ.(എം)-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും നേതാക്കൾക്ക് നേരെയാണ് നിങ്ങൾ ഈ നിയമം ഉപയോഗിച്ചത്. നിങ്ങൾ പോലീസിനെ ഉപയോഗിക്കുകയാണ്. കൊല്ലത്തും നിയമ വിരുദ്ധ പ്രവൃത്തികൾക്ക് നിങ്ങൾ പോലീസിനെ ഉപയോഗിച്ചു. കാപ്പ നിയമത്തിൽപ്പെടുത്താൻ കഴിയുന്നവരെ മുഴുവൻ കാപ്പയിൽപ്പെടുത്തുക എന്നിട്ട് നോട്ടീസ് കൊടുത്ത് നാട് കടത്തുകയാണ്. ഇവിടെ ദിവാൻ ഭരണത്തിന് എതിരായി പോരാടിയിരുന്നു. ദിവാൻ രാജഗോപാലാചാരി തിരുവിതാംകൂറിൽ ഭരണം നടത്തികൊണ്ടിരുന്ന കാലത്ത് അതിനെതിരായി ശബ്ദിച്ചതിന്റെ പേരിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാട് കടത്തിയിട്ടുണ്ട്. ആ ദിവാന്റെയും സർ സി. പി.-യുടെയും പാരമ്പര്യമാണോ നിങ്ങൾക്ക്? നിങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതാക്കന്മാരെയും പ്രവർത്തകന്മാരെയും നാട് കടത്താൻ പുറപ്പെട്ടിരിക്കുകയാണ്. ആർ. ആന്റണി എന്ന പോലീസുകാരനെ കൊന്ന ആളുകളല്ലേ നിങ്ങൾ? ഇപ്പോൾ മാവോ വേട്ട... മാവോ വേട്ട... എന്നുപറയുന്നു. ഇവിടെ എന്ത് മാവോ വേട്ടയാണ് നടക്കുന്നത്? ഫോറസ്റ്റിൽ കള്ള വാറ്റുകാർ. മാവോ വേട്ട എന്നുപറഞ്ഞ് അവിടെയും ഇവിടെയും നോട്ടീസ് കൊണ്ട് ഒട്ടിക്കുകയാണ്. എന്താണ് നിങ്ങൾ ഇവിടെ നടത്തുന്നത്? സമാധാനപരമായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന രാഷ്ട്രീയ പ്രവർത്തകർക്ക് നേരേ കാപ്പ

പ്രയോഗിക്കാം, നിയമം പ്രയോഗിക്കാം. കാപ്പയ്ക്ക് പകരം എന്താണ് പ്രയോഗിക്കുന്നത്, 107-ാം വകുപ്പ്. കണ്ണൂർ ജില്ലയിൽ മാത്രം 300-ൽ അധികം സി.പി.ഐ.(എം) പ്രവർത്തകരെ 107-ാം വകുപ്പിൽപ്പെടുത്തി.

ഞാൻ അക്കാര്യങ്ങൾ കൂടി സഭയുടെ മുമ്പാകെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. പയ്യന്നൂരിൽ സി. വി. ധനരാജ്, എ. പി. റിനീഷ്, ടി. പി. അനൂപ്, സി. വി. നന്ദകുമാർ എന്നീ സി.പി.ഐ.(എം) പ്രവർത്തകരെ കാപ്പ കേസിൽപ്പെടുത്തി നാടുകടത്തി. അതിനെതിരെ റിവ്യൂ പെറ്റീഷൻ കൊടുത്തു. ഈ കേസ് തെറ്റാണെന്നും ഇതിൽ ഒരു ന്യായവുമില്ലാത്തതുകൊണ്ട് കേസ് നിലനിൽക്കുന്നതല്ലെന്നുപറഞ്ഞ് കോടതി അവരെ മോചിപ്പിച്ചു. ജില്ലയിൽത്തന്നെ നാടുകടത്താൻ ഉത്തരവിടുകയാണ്. തലശ്ശേരിയിൽ യുവജന വിദ്യാർത്ഥിരംഗത്ത് പ്രവർത്തിക്കുന്ന പി. സന്തോഷ്, എ. വി. രഞ്ജിത്ത് വി. രാജേഷ്, എം. വി. പ്രസന്നൻ, എൻ. ഗിരീഷ്, ലിജിത്ത്, സി. വി. രഹ്നേജ്, പി. പി. അനൂപ് തുടങ്ങിവരുടെയെല്ലാം പേരിൽ 107-ാം വകുപ്പുപ്രകാരം കേസെടുത്തു. ഇവരുടെ പേരിലുള്ള ഏതെങ്കിലുമൊരു കേസ് നിങ്ങൾ പറഞ്ഞ പട്ടികയിൽപ്പെടുമോ? ആളുകളുടെ സ്വൈരജീവിതത്തിന് തടസ്സം വരുത്തുകയോ കാപ്പ നിയമപ്രകാരം ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളിലോ ഇവരാരെങ്കിലും പ്രതികളാണോ; കുറ്റവാളികളാണോ? കാപ്പ നിയമത്തിലെ 107-ാം വകുപ്പ് നിങ്ങളുടെ രാഷ്ട്രീയ താല്പര്യത്തിന് ഉപയോഗിക്കുകയല്ലേ? ഇതുമാത്രമല്ല. സി.പി.ഐ.(എം)-ന്റെ ആലക്കോട് ലോക്കൽ കമ്മിറ്റി മെമ്പർ ശ്രീ. മുരളീദാസിനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. അദ്ദേഹം നാടുകടന്നുപോയില്ല, അതുകൊണ്ട് പിടിച്ചു

കൊണ്ടുവന്ന് ജയിലിലിട്ടു. അതുപോലെ കണ്ണൂരുകാരനെ തൃശ്ശൂർ ജയിലിലടയ്ക്കും, തൃശ്ശൂർകാരനെ കണ്ണൂർ ജയിലിലടയ്ക്കും. നിങ്ങൾ എത്ര ക്രൂരമായിട്ടാണ് പെരുമാറുന്നത്. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും, പല കാരണങ്ങളാൽ ജയിലിൽ പോകുന്നവരുണ്ടാകും. അതിനെല്ലാം മനുഷ്യത്വപരമായ സമീപനമുണ്ട്. മനുഷ്യത്വത്തിന്റെ അംശമുണ്ടോ നിങ്ങൾക്ക്? രാഷ്ട്രീയ വിരോധമല്ലാതെ ഇവർക്കെതിരെ നിങ്ങൾക്ക് എന്തുപറയാനുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.........

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഇത് വേഗം നിർത്തേണ്ട വിഷയമല്ല, ഈ നിയമം ഗവൺമെന്റ് ദുരുപയോഗപ്പെടുത്തുകയാണ്. അത് അവസാനിപ്പി ക്കണം, അതാണ് ഇവിടത്തെ ആവശ്യം. ഒരുവർഷവും ഒൻപത് മാസവും ആറു മാസവും അനാവശ്യമായി ജയിലിലിട്ട് പീഡിപ്പിച്ചതിന് ആര് മറുപടി പറയും? ഒരു മനുഷ്യനെ അനാവശ്യമായി പീഡിപ്പിക്കാൻ നിങ്ങൾക്കെന്താണ് അധികാരം? നിയമസഭയിൽ എണ്ണത്തിൽ അധികമുള്ളതുകൊണ്ട് എന്തും ചെയ്യാമെന്നാണോ? ശ്രീകണ്ഠാപുരത്തെ ഒരു പോലീസ് സ്റ്റേഷനിൽ 107–ാം വകുപ്പുപ്രകാരം 27 പേർക്കെതിരെ കേസെടുത്തു. പാപ്പിനിശ്ശേരിയിൽ എസ്. എഫ്.ഐ.–യുടെ പ്രമുഖരായ നേതാക്കളായ വി. പി. ഷാജിത് (ജില്ലയിലെ എസ്.എഫ്.ഐ. നേതാവാണ്), കെ. വി. വിജേഷ്, സി. പി. സുരേഷ്, ഷാഹി എന്നിവർക്കെതിരെ കാപ്പ നിയമ പ്രകാരം കേസെടുത്തു. മയ്യിൽ പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെടുന്ന കണ്ണാടിപ്പറമ്പ് പ്രദേശത്തെ സഹോദരങ്ങ ളായ റോഷനും റെയ്സിനുമെതിരെ കാപ്പ നിയമപ്രകാരം കേസെടുത്തു. ഇതിൽ എസ്.ഡി.പി.ഐ.–കാർ ആക്രമിച്ച് അവശനായി വീട്ടിൽ കിടക്കുന്ന

റോഷനെ പോലീസ് അറസ്റ്റ് ചെയ്യാൻ ചെന്നപ്പോൾ അവന്റെ ഉമ്മ പോലീസിനെ തടയുകയും പോലീസ് ഉമ്മയെ ആക്രമിക്കുകയും ചെയ്തു.

**(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)**

മി. സ്പീക്കർ: പ്ലീസ്.......... പ്ലീസ്......16 മിനിട്ടായി.

ശ്രീ. ഇ. പി. ജയരാജൻ: സർ, കണ്ണൂർ ജില്ലയിലെ മിക്ക പോലീസ് സ്റ്റേഷനുകളിലും നിലനിൽക്കുന്ന വിഷയങ്ങളാണ്. മുഴപ്പിലങ്ങാട് നൗഫൽ, ചാലാട് ജിതിൻദാസ് ഉൾപ്പെടെ എന്റെ പ്രദേശത്തെ 12 പേർക്കെതിരെയും കണ്ണൂരിൽനിന്ന് 24 പേർക്കെതൈരിരെയും 107–ാം വകുപ്പനുസരിച്ച് കേസെടുത്തു. തലശ്ശേരിയിൽ രാജേഷിനെ 16–ഉം, നൗഫലിനെ 24–ഉം സൂർജിത്തിനെ 28–ഉം ജ്യോതിഷിനെ 63–ഉം ദിവസങ്ങൾ നാടുകടത്തി. ഗൾഫിലായിരുന്ന മൂസ എന്ന ചെറുപ്പക്കാരൻ നാട്ടിൽ വന്നപ്പോൾ പോലീസ് പിടിച്ച് 53 ദിവസം ജയിലിലാക്കി. ഗവൺമെന്റ് ഈ നിയമത്തെ ദുരുപയോഗം ചെയ്യുന്നതിനെതിരെ ഒരു സമീപനം സ്വീകരിക്കണം.

മി. സ്പീക്കർ: അതൊക്കെ അങ്ങ് പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിയമപരമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യത്തിനുനേരെയുള്ള കയ്യേറ്റമാണ് നടന്നുകൊണ്ടിരിക്കുന്നത്. കാപ്പ നിയമത്തിന്റെ പേരിൽ, 107–ാം വകുപ്പിന്റെ പേരിൽ ഭീകരമായിട്ടുള്ള അന്തരീഷം സൃഷ്ടിക്കുകയാണ്. ഒരു രാഷ്ട്രീയപാർട്ടിക്ക് പ്രത്യേകിച്ച്, ഇന്ത്യയിൽ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക് ദേശീയവീഷണത്തോടുകൂടി ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്ന മുന്നണിയുടെ നേതാക്കളേയും പ്രവർത്തകരേയും തങ്ങളുടെ രാഷ്ട്രീയ ലാഭത്തിനുവേണ്ടി രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി പോലീസിനെ വഴിവിട്ടുപയോഗിക്കുന്നു. നിയമ

വിരുദ്ധമായി പോലീസിനെ ഉപയോഗിച്ചാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, നിങ്ങൾക്ക് അങ്ങേയറ്റം അപമാനമുണ്ടാകും. നിങ്ങളിപ്പോൾ അതാണ് ചെയ്യുന്നത്. നിങ്ങൾക്ക് രാഷ്ട്രീയമായ വിരോധമുണ്ട്. ശ്രീ. തിരുവഞ്ചൂരിന്റെ ശൈലിതന്നെയാണ് നിങ്ങളും സ്വീകരിക്കുന്നത്. നിങ്ങൾ തമ്മിൽ വലിയ വ്യത്യാസങ്ങളൊന്നുമില്ല. നിങ്ങൾ യു.ഡി.എഫ്.-ന്റെ ഭരണകർത്താക്കളാണ്. നിങ്ങൾ പോലീസിനെ ഉപയോഗിച്ചുകൊണ്ട് സഹകരണസംഘം പിടിക്കുകയും പോലീസ് അസോസിയേഷൻ പിടിക്കുകയും നിയമവിരുദ്ധപ്രവർത്തികൾക്ക് പ്രോത്സാഹനം കൊടുക്കുകയും ക്രിമിനലുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കണ്ണൂർ ജില്ലയിൽ ഉണ്ടായിരുന്ന പിടിച്ചുപറി, മോഷണം, കൊലപാതകം കേസുകൾ ഉൾപ്പെടെ 136 കേസുകൾ നിങ്ങൾ പിൻവലിച്ചില്ലേ? നിങ്ങൾ ആ കേസുകൾ പിൻവലിക്കുകയും ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുനേരെ കടുത്ത ആക്രമണങ്ങൾ നടത്തുകയുമാണ് ചെയ്യുന്നത്. കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ ഇത്തരത്തിലുള്ള നിയമവിരുദ്ധപ്രവൃത്തികളാണ് ഗവൺമെന്റ് നടത്തുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ നാടിന്റെ സംരക്ഷണത്തിനും ജനങ്ങളുടെ സുരക്ഷിതത്വത്തിനുംവേണ്ടി വളരെ സദ്ദുദ്ദേശപരമായി ഇടതുപക്ഷ ഗവൺമെന്റ് ലക്ഷ്യബോധത്തോടുകൂടി കൊണ്ടുവന്ന നിയമമാണ് ഇത്. ഞങ്ങളുടെ ഭരണകാലത്ത് നിങ്ങൾക്കെതിരെ ഈ നിയമം ദുരുപയോഗം ചെയ്തിട്ടുണ്ടോ? നിങ്ങൾ ഭരണത്തിൽ വന്നപ്പോൾ ഇത് ദുരുപയോഗപ്പെടുത്തുന്നു, അത് അവസാനിപ്പിക്കണം. ഡി.വൈ.എഫ്. ഐ.-ലെയും എസ്.എഫ്.ഐ-ലെയും സി.പി.ഐ(എം)-ന്റെയും പ്രവർത്തകർ ചെയ്തിട്ടുള്ള അതേ കുറ്റം ചെയ്തിട്ടുള്ള എത്ര പ്രവർത്തകർ

യൂത്ത് കോൺഗ്രസ്സിലും കെ.എസ്.യു –വിലും ഉണ്ട്. അവർക്കെതിരെ നിങ്ങൾ കേസെടുത്തിട്ടുണ്ടോ? നിങ്ങൾ കോളേജും യൂണിവേഴ്സിറ്റി ഓഫീസും ആക്രമിച്ചില്ലേ? വനിതാ പ്രിൻസിപ്പാളിനെ ആക്രമിച്ചില്ലേ? ഏതെങ്കിലിനുമൊരു കേസ് നിങ്ങളെടുത്തിട്ടുണ്ടോ? ഈ നിയമം നിങ്ങളുടെ രാഷ്ട്രീയ വിരോധം തീർക്കാനുള്ള ഉപകരണമാക്കിത്തീർക്കുന്നു. അതുകൊണ്ടാണ് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വ്യക്തി സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും ഈ ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നൽകുന്നത്. അതേസമയം അക്രമങ്ങളും പൊതുജന ജീവിതത്തെ ദുസ്സഹമാക്കുകയും ചെയ്യുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെ ശക്തമായി ഗവൺമെന്റ് അടിച്ചമർത്തുക തന്നെ ചെയ്യും. അതിൽ യാതൊരു സംശയവും വേണ്ട. ഇവിടെ ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകനെന്ന ലേബലിൽ ഗുണ്ടാപ്രവർത്തനം നടത്തുകയാണ് ലക്ഷ്യമെങ്കിൽ ഈ സർക്കാർ കയ്യുംകെട്ടി നോക്കി നിൽക്കില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തേക്കാൾ വലുതാണ് സമൂഹത്തിന്റെ സുഗമമായ പ്രവർത്തനവും സമൂഹത്തിൽ ജീവിക്കുന്നവരുടെ സ്വാതന്ത്ര്യവും. ഇവിടെ 107–ാം വകുപ്പിനെക്കുറിച്ച് പറഞ്ഞു. സമാധാന ലംഘനമുണ്ടാവുകയാണെങ്കിൽ അത് തടയുന്നതിനുള്ള മുൻകരുതൽ നടപടിക്രമമാണ് വകുപ്പ് 107. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റാണ് ഇതുപ്രകാരമുള്ള നടപടി സ്വീകരിക്കുന്നത്.

ഞാൻ ഒരുകാര്യം പറയാൻ ആഗ്രഹിക്കുന്നു. രാഷ്ട്രീയ വിരോധം വച്ചു കൊണ്ട് കാപ്പ നിയമപ്രകാരം ആരുടെ പേരിലും കേസ്സുകളെടുക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അങ്ങനെയുള്ള നടപടിക്രമം ഉണ്ടായിട്ടില്ല. പക്ഷേ രാഷ്ട്രീയപാർട്ടി പ്രവർത്തകർ ഗുണ്ടാ പ്രവർത്തനങ്ങളും മാഫിയ പ്രവർത്തനങ്ങളും പൊതുമുതൽ നശിപ്പിക്കുകയും ജനങ്ങൾക്ക് ഭീഷണിയായി വളരുകയും ചെയ്താൽ സർക്കാരിന് എന്തുചെയ്യാൻ കഴിയും. അതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിക്കേണ്ടതായി വരും.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞു, പൗരാവകാശവും വ്യക്തിസ്വാതന്ത്ര്യവും സംരക്ഷിക്കുമെന്ന്. ഇവിടെ കണ്ണൂർ ജില്ലയിൽ 32 പേരെ നാടുകടത്തുകയും ജയിലിലടക്കുകയും ചെയ്തു. ........(മൈക്ക് ഓഫ്.)......

മി. സ്പീക്കർ: ഇത് ഇ.പി. ജയരാജൻ പറഞ്ഞ കാര്യമല്ലേ.....

ശ്രീ. റ്റി. വി. രാജേഷ്: സർ, ........(മൈക്ക് ഓഫ്.)...... കാപ്പ നിയമത്തിന്റെ പരിധിയിൽ വരുന്ന കേസുകളെല്ലാം അഡ്വൈസറി ബോർഡും ഹൈക്കോടതിയും കണ്ടെത്തി അവരെ വെറുതെ വിട്ടിരിക്കുകയാണ്. ഈ നിയമം ദുരുപയോഗം ചെയ്തിരിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ ഇത്. അതുകൊണ്ട് രാഷ്ട്രീയപ്രവർത്തകർക്ക് നേരെ കാപ്പ നിയമം ദുരുപയോഗം ചെയ്യില്ലെന്ന് അങ്ങിവിടെ പ്രഖ്യാപിക്കുകയും ആ പ്രഖ്യാപനത്തിൽ ഉറച്ചു നിൽക്കുകയും വേണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കോടതിയിൽ പല സ്റ്റേജുകളുണ്ട്. ഉപദേശക ബോർഡിൽ കൊടുക്കാം, സർക്കാരിന് അപ്പീൽ കൊടുക്കാം, കോടതി

യിൽ പോകാം ഇതൊക്കെ ഈ നിയമത്തിലുള്ള വ്യവസ്ഥകളാണ്. ആ വ്യവസ്ഥകൾ ഉപയോഗിക്കുന്നത് നിയമപരം തന്നെയാണ്. പക്ഷേ ഇതിനകത്ത് രാഷ്ട്രീയപ്രേരിതമായി കാപ്പാ നിയമം ആരുടെയെങ്കിലും പേരിൽ ചുമത്തിയെന്ന് ഇതുവരെ ഒരു കോടതിയും പരാമർശിക്കപ്പെട്ടിട്ടില്ല. ഒരു കോടതിയിൽ നിന്നും ഇങ്ങനെയൊരു വിമർശനം സർക്കാരിന്റെ പേരിൽ ഉണ്ടായിട്ടില്ല. ഈ കേസുകളൊക്കെ വിട്ടുപോയിട്ടുള്ളത് ഒന്നുകിൽ കാലതാമസംകാരണം അല്ലെങ്കിൽ സാങ്കേതികമായ പിഴവുകൾ കാരണമാണ്. അതുകൊണ്ടാണ് കഴിഞ്ഞ ദിവസം ആഭ്യന്തര വകുപ്പും......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇത് ദുരുപയോഗപ്പെടുത്തുന്നതിന്റെ സാമ്പിൾ, നിയമമുണ്ടാക്കുന്ന കാലത്ത് വിവക്ഷിക്കാത്ത തരത്തിൽ ചില സംഭവങ്ങൾ നടക്കുകയാണ്. നിയമമുണ്ടാക്കുന്ന സന്ദർഭത്തിൽ അന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. ബാബുവും ചർച്ചയിൽ പങ്കെടുത്തിട്ട് പറഞ്ഞത് ദുരുപയോഗം തടയാനുള്ള വകുപ്പുകൾ വേണമെന്നാണ്. ഞാൻ അതൊക്കെ നോക്കി. അതനുസരിച്ചുള്ള ചില കാര്യങ്ങൾ ചേർത്തു. മിക്കവാറും ഇപ്പോൾ നടക്കുന്നത് രണ്ടിലധികം ക്രിമിനൽ കേസുകളിൽ പ്രതിയായ ആളുകളെ ഉൾപ്പെടുത്താമെന്നു പറഞ്ഞുകൊണ്ട് മൂന്ന് എഫ്.ഐ.ആർ. ഇട്ട ആളുകളെയൊക്കെ പ്രതിയാക്കുകയാണ്. മിക്ക കേസുകളും എങ്ങനെയാണെന്ന് നോക്കിയപ്പോൾ കലക്ടറേറ്റ് പിക്കറ്റിംഗിൽ പങ്കെടുത്തവർ, പ്രകടനത്തിൽ പങ്കെടുത്തവർ, ഇങ്ങനെയുള്ള ബഹുജന സമരത്തിൽ പങ്കെടുത്ത ആളുടെ പേരിൽ വരുന്ന കേസുകളുടെ എണ്ണം കണക്കാക്കി കേസ് ചാർജ് ചെയ്യുന്ന സ്ഥിതി വന്നിരിക്കുകയാണ്. അതാണ് ദുരുപയോഗമെന്ന് ഞങ്ങൾ പറയുന്നത്. ഒരു പ്രദേശത്ത് നിരന്തരമായി അക്രമത്തിൽ പങ്കെടുക്കുകയും ഗുണ്ടാ ആക്ടിവിറ്റീസ് നടത്തുകയും ചെയ്യുന്ന ആളുകളെ പിടിക്കുന്നതിന്

ഞങ്ങൾ എതിരല്ല. രാഷ്ട്രീയപ്രവർത്തനത്തിൽ പങ്കെടുക്കുന്നവരെ രാഷ്ട്രീയ പ്രവർത്തനം തടയാൻ വേണ്ടി, വിദ്യാർത്ഥി പ്രവർത്തനം തടയാൻ വേണ്ടി അങ്ങനെയൊക്കെ ദുരുപയോഗം ചെയ്യുന്ന പ്രശ്നമാണ് വന്നിരിക്കുന്നത്. അങ്ങ് ഇത് വെരിഫൈ ചെയ്യണം. നിങ്ങൾ എന്നും ആഭ്യന്തരവകുപ്പുമ ന്ത്രിയായിരിക്കില്ല. ഭരണം മാറും. അപ്പോൾ ഇത് അങ്ങോട്ടുമിങ്ങോട്ടും വരും. കേരളത്തിൽ ഇങ്ങനെയൊരു സംഭവമുണ്ടാകാൻ പാടില്ല. അന്ന് ഈ നിയമം അവതരിപ്പിക്കുമ്പോൾ ഈ നിയമം ദുരുപയോഗം ചെയ്യാൻ തുടങ്ങിയാൽ ഈ നിയമത്തിന്റെ മരണമായിരിക്കും സംഭവിക്കുകയെന്ന് ഞാൻ പറഞ്ഞിട്ടു ണ്ട്. ഇപ്പോൾ ദുരുപയോഗപ്പെടുത്താൻ തുടങ്ങിയിരിക്കുകയാണ്. ആഭ്യന്തരവ കുപ്പുമന്ത്രി പേഴ്സണലായി ഇടപെട്ട്, ഒന്ന് പരിശോധിച്ച് ഞങ്ങൾ പറയുന്ന തിൽ വസ്തുതയുണ്ടോയെന്ന് നോക്കിക്കൊണ്ട് ഇടപെടൽ നടത്താൻ തയ്യാ റാകണം. മുഖ്യമന്ത്രി ഇതിൽ ഇടപെടണം. നിയമം ഇത്തരത്തിൽ ദുരുപയോഗ പ്പെടുത്തിയാൽ രാഷ്ട്രീയപ്രവർത്തനം എങ്ങനെ നടക്കും; അതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രശ്നം. അതുകൊണ്ട് ഇത് ഗൗരവമായി പരിശോധിക്കാൻ തയ്യാറാകണം. പോലീസ് ഓഫീസർമാർ പലതുമെഴുതിത്തരും. അവർ വിരോ ധമുള്ള ആളുകളുടെ പേരിലൊക്കെ ഇത് ഉപയോഗപ്പെടുത്തും. അങ്ങനെയു ള്ള സംഭവങ്ങൾ നടക്കുന്നു എന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രശ്നം. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പേഴ്സണലായിട്ട് ഒരു വെരിഫിക്കേഷൻ നടത്തണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മുൻ ആഭ്യന്തരവകുപ്പുമന്ത്രിയാണ് ഈ ബിൽ പൈലറ്റ് ചെയ്ത് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഈ നിയമത്തിൽത്തന്നെ ഇത് ദുരുപയോഗപ്പെടുത്താതിരിക്കാൻ വേണ്ടിയിട്ടു ള്ള, കരുതലായിട്ടുള്ള സെക്ഷൻസ് ഇതിൽ തന്നെയുണ്ട്. അദ്ദേഹത്തിന്റെ

അഭിപ്രായത്തെ ഞാൻ മാനിക്കുന്നു. ഏതെങ്കിലും കേസുകളിൽ അങ്ങനെ ദുരുപയോഗം വന്നിട്ടുണ്ടോയെന്ന് വ്യക്തിപരമായി ഞാൻ പരിശോധിക്കാം. രാഷ്ട്രീയപാർട്ടി പ്രവർത്തകരുടെ പേരിലോ അയൽവക്കത്തുള്ളവരുടെ പേരിലോ അനാവശ്യമായി കാപ്പാ നിയമം പ്രയോഗിക്കരുതെന്നുതന്നെയാണ് ഗവൺമെന്റിന്റെ പൊതുവായ സമീപനം. അതാണ് സർക്കാരിന്റെ നയം. ഞാൻ മാത്രമല്ല, മുഖ്യമന്ത്രിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും നിരവധി തവണ ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിർദ്ദേശത്തെ ഞാൻ അംഗീകരിക്കുന്നു. ഈ കേസുകൾ ഞാൻ പരിശോധിക്കാം. കണ്ണൂർ ജില്ലയിൽ മാത്രമല്ല, എല്ലാ ജില്ലകളിലുമുണ്ട്. അത് പരിശോധിക്കാം.

ശ്രീ. ഇ.പി. ജയരാജൻ: സർ, കാപ്പാ കേസ് ചുമത്തപ്പെട്ടവരിൽ സി.പി.എം.-ന്റെ പ്രവർത്തകർ, ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. പ്രവർത്തകർ അല്ലാതെ വേറേ ഏതെങ്കിലുമൊരു കേസ് കാണിക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകരുടെ പേരിലല്ല കേസുകൾ ഉണ്ടാകുന്നത്. അവർ മുതൽ നശിപ്പിക്കുകയോ സംഘർഷം സൃഷ്ടിക്കുകയോ കുഴപ്പങ്ങൾ ഉണ്ടാക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ എടുക്കുന്ന കേസുകളാണ്. ഏതായാലും ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഞാൻ പരിശോധിക്കാം. ഞാൻ തന്നെയത് വെരിഫൈ ചെയ്യാം. എന്റെ അറിവിൽപ്പെട്ടിടത്തോളം ഇതുവരെ രാഷ്ട്രീയ പ്രേരിതമായി ഇത്തരം കേസുകൾ ചുമത്തപ്പെട്ടിട്ടില്ല എന്നുള്ളതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, എന്റെ പേരുകൂടി പരാമർശിക്കപ്പെട്ടതുകൊണ്ടാണ് ഞാൻ എഴുന്നേറ്റത്. സാധാരണ ഒരു അടിയ

ന്തിരപ്രമേയാവതരണ സമയത്ത് ഞാൻ എഴുന്നേൽക്കുകയില്ല. ആ നിയമത്തിൽ പറഞ്ഞതിനപ്പുറത്തൊന്നും പോകാൻ ആർക്കും പറ്റില്ല, ചെയ്യാറുമില്ല. അതേസമയം ആ നിയമത്തിൽ ഒരു മനുഷ്യത്വത്തിന്റെ വശം കാണണം. ഒന്നുരണ്ട് സംഭവങ്ങളുണ്ടായപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നെ ബന്ധപ്പെട്ടിട്ടുണ്ട്. എം.എൽ.എ.മാരിൽ വളരെ പ്രമുഖരായ ആളുകൾ ബന്ധപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് ഒരു സമീപനം അപ്പോഴും പറഞ്ഞിട്ടുണ്ട്. മാത്രമല്ല, രാഷ്ട്രീയപ്രവർത്തകരായ ആളുകൾക്കെതിരെ ഈ നിയമം വിനിയോഗിക്കരുതെന്ന ഒരു നിർദ്ദേശം ഡി.ജി.പി. കൊടുത്തിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞത് കറക്ടാണ്. അക്രമസ്വഭാവം രാഷ്ട്രീയവുമായി ക്ലബ് ചെയ്യരുത്. അത് രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമല്ല. അതുകൊണ്ടാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ നിയമം കൊണ്ടുവന്നതെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങയുടെ സ്റ്റാന്റ് അതിന്റെ ദുരുപയോഗം തടയണമെന്നുള്ളതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ ദുരുപയോഗം തടയുന്നതിനുവേണ്ടിയാണ് അവിടെ നിന്ന് വന്ന എം.എൽ.എ.മാർ, ഞാൻ ഓരോരുത്തരുടെയും പേര് പറയുന്നില്ല. എനിക്ക് ക്ലോസായിട്ടുള്ള വളരെയടുത്ത അപ്പുറത്തുള്ള എം.എൽ.എ.മാർ വരെ ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതെല്ലാം മാർദ്ദവമനുസരിച്ച് നടപടിയെടുത്തിട്ടുണ്ട്. 15(1) അനുസരിച്ച് ഒരു പ്രൊസീഡ്യുവർ ഇറക്കിയാൽ ആ പ്രൊസീഡ്യുവർ മാറണമെങ്കിൽ 15(3) അനുസരിച്ചുള്ള വേറൊരു റിവ്യൂ പെറ്റീഷൻ കൊടുക്കണം. അത് അങ്ങ് കൊണ്ടുവന്ന നിയമത്തിന്റെ ഭാഗമാണ്. ആ നിയമത്തിലൂടെ മാത്രമേ നമുക്കത് undo ചെയ്യാൻ കഴിയുകയുള്ളു. അത് അന്നത്തെ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ഇന്നത്തെ ഗവൺമെന്റും ചെയ്യുന്നു

ണ്ട്. അതുകൊണ്ട് ഈ നിയമം രാഷ്ട്രീയപ്രവർത്തകർക്കെതിരെ എടുക്കരുതെന്നുപറയുന്ന സമീപനമാണ് ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചത്. നേരത്തേയും അതു തന്നെയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വളരെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റിന് അങ്ങനെയൊരു നയമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ തന്നെ ഒന്നുരണ്ട് കേസുകൾ എന്നോടുപറഞ്ഞു. ഞാൻ വെരിഫൈ ചെയ്തിട്ട് പറയാം. ഞാൻ വിശദമാക്കുന്നില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വ്യക്തികളുടെ സ്വാതന്ത്ര്യവും പൗരാവകാശങ്ങളും സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാനുള്ള അവകാശത്തെയും പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുമാത്രമേ മുന്നോട്ടു പോകുകയുള്ളു. പക്ഷേ ഇവിടെ വന്നുകൊണ്ടിരിക്കുന്നത് എന്താണ്; രാഷ്ട്രീയപാർട്ടികളുടെ പേരുകളിൽ ഗുണ്ടാപ്രവർത്തനം നടത്തുകയും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും പൊതുമുതൽ നശിപ്പിക്കുകയും ചെയ്താൽ ഈ വകുപ്പുകൾ അനുസരിച്ചുള്ള കേസുകൾ എടുക്കേണ്ടിവരും......(ബഹളം)......

ശ്രീ. ഇ. പി. ജയരാജൻ: നിങ്ങൾക്ക് ഇഷ്ടപ്പെടാത്തതെല്ലാം ഗുണ്ടാപ്രവർത്തനമാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയൊന്നുമാകുകയില്ല.......(ബഹളം) ശ്രീ. ഇ.പി. ജയരാജൻ സൂചിപ്പിച്ച കണ്ണൂരിലെ അക്രമങ്ങളുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഞാനതിലേക്ക് കടന്നാൽ വാദി പ്രതിയാകും. ഏതായാലും.....(ബഹളം).....കാപ്പാനിയമം വന്നതിനുശേഷം ഒരു അമെന്റ്മെന്റും ഇതുവരെയും വന്നിട്ടില്ല. ആഭ്യന്തരവകുപ്പും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും കാപ്പാ കേസുകൾ കൈകാര്യം ചെയ്യുന്ന വക്കീലന്മാരും ജില്ലാകളക്ടർമാരും എസ്.പി.മാരും ഒരുമിച്ച് കഴിഞ്ഞദിവസം

കൊച്ചിയിൽ വച്ച് ഒരു ദിവസത്തെ സെമിനാർ നടത്തുകയുണ്ടായി. അഡ്വൈസറി ബോർഡ് ചെയർമാനുൾപ്പെടെയുള്ളവർ ഉണ്ടായിരുന്നു. ഇവിടെ സൂചിപ്പിച്ച നിയമം ദുരുപയോഗം തടയൽ, വൈറ്റ് കോളർ ക്രൈംസ് വർദ്ധിച്ചുവരുന്നു, ചെയിഞ്ചിംഗ് സിറ്റുവേഷൻസിൽ ക്രൈം കൂടിവരുന്നു, പല തരത്തിലുള്ള സൈബർ ക്രൈംസ് വർദ്ധിച്ചുവരുന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ കാപ്പാനിയമത്തിൽ ചില ഭേദഗതികൾ കൂടി വരുത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അത് സമഗ്രമായ ഒരു ഭേദഗതിയിലൂടെ ഇവിടെ സൂചിപ്പിച്ച പൗരാവകാശങ്ങളെയും ദുരുപയോഗപ്പെടുത്തൽ ഉൾപ്പെടെയുള്ളവ തടയാൻ വേണ്ടിയിട്ടുള്ള നിയമത്തിന്റെ അമന്റ്മെന്റിനെപ്പറ്റിയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഏതായാലും വ്യക്തി സ്വാതന്ത്ര്യവും പൗരാവകാശവും ഹനിച്ചുകൊണ്ട് രാഷ്ട്രീയപാർട്ടി പ്രവർത്തകരുടെ പ്രവർത്തനങ്ങളെ നിരുൽസാഹപ്പെടുത്തുകയോ തടയുകയോ ചെയ്യുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. അതേസമയം സാമൂഹ്യവിരുദ്ധപ്രവർത്തനം നടത്തുന്ന, കൊള്ളപ്പലിശ വാങ്ങുന്ന, ഗുണ്ടാപ്രവർത്തനം നടത്തുന്ന നിരന്തരമായി സമൂഹത്തിൽ അക്രമങ്ങൾ നടത്തുന്ന ആളുകളെ ഗവൺമെന്റ് ശക്തമായിത്തന്നെ നേരിടുമെന്ന് അറിയിക്കാൻ ആഗ്രഹിക്കുന്നു. ഒരു വിട്ടുവീഴ്ചയും അക്കാര്യത്തിൽ ഉണ്ടാകില്ലെന്നുകൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: മന്ത്രിയുടെ വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഗുണ്ടാനിയമം ദുരുപയോഗം ചെയ്ത് രാഷ്ട്രീയപ്രവർത്തകരെ അറസ്റ്റ് ചെയ്ത് ജയിലില ടച്ചും നാടുകടത്തിയുമൊക്കെ രാഷ്ട്രീയപ്രവർത്തകരെ അമർച്ച ചെയ്യാമെന്ന സർക്കാരിന്റെ വ്യാമോഹം ഒരു കാരണവശാലും അനുവദിക്കാൻ സാധ്യമല്ല. മാലിന്യം വഴിയിൽക്കൊണ്ടുവന്ന് തള്ളുന്നതിനെതിരെ ജനങ്ങൾക്കുവേണ്ടി സമരം ചെയ്തതിനാണ് അഞ്ചലിലെ സജാദ് എന്ന ചെറുപ്പക്കാരനെ നിങ്ങ ളുടെ പോലീസ് ഗുണ്ടാനിയമം ചുമത്തി ജയിലിലടച്ചത്. ഗുണ്ടാ എന്ന പദ ത്തിന്റെ നിർവ്വചനം എന്താണെന്ന് അറിയാമോ? പൊതുവ്യവസ്ഥയുടെ പരി പാലനത്തിന് ഹാനികരമാകുന്ന ഏതൊരു നിയമവിരുദ്ധപ്രവർത്തനത്തിലും ഏർപ്പെടുന്ന ആളിനെ ഗുണ്ടയായി കണക്കാക്കാം എന്നാണ് അതിന്റെ നിർവ്വ ചനം. ഇവിടെ സജാദ് ചെയ്തത് എന്താണ്? മാലിന്യം വഴിയിൽക്കൊണ്ടുതള ളിയ നിയമവിരുദ്ധപ്രവർത്തനം തടയാനല്ലേ ആ ചെറുപ്പക്കാരൻ ശ്രമിച്ചത്. അതിന് വാദിയെ പ്രതിയാക്കുന്നതരത്തിലാണ് അയാളെ തുറുങ്കിലടച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതേപോലെ എത്ര ചെറുപ്പ ക്കാരെയാണ് പോലീസിന്റെയും ഭരണാധികാരികളുടെയും താൽപ്പര്യത്തിന നുസരിച്ച് അറസ്റ്റ് ചെയ്ത് പീഡിപ്പിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ പോലീസ് ഈ വകുപ്പ് ദുരുപയോഗം ചെയ്യുകയാണ്. ഗുണ്ടാ നിയമത്തിന്റെ മൂന്നാം വകുപ്പ് പ്രകാരമാണ് അറസ്റ്റും തടങ്കൽ പാർപ്പിക്കലും നടത്തുന്നത്. ഈ വകുപ്പ് രാഷ്ട്രീയപ്രവർത്തകരെ അമർച്ച ചെയ്യാനായാണ് ദുരുപയോഗം ചെയ്യുന്നത്.

ഗുണ്ടാ നിയമത്തിന്റെ 15-ാം വകുപ്പ് പ്രകാരമാണ് നാടുകടത്തുന്നത്. ഈ വകുപ്പ് ദുരുപയോഗപ്പെടുത്തി നിരപരാധികളായ ചെറുപ്പക്കാരെ അവരുടെ മാതാപിതാക്കളിൽ നിന്നകറ്റി, അവരുടെ വിദ്യാഭ്യാസം മുടക്കി ഭാവി തല്ലിക്കെടുത്തുകയാണ് ഈ സർക്കാർ ചെയ്യുന്നത്. ഇപ്രകാരം നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ അപ്പലേറ്റ് അതോറിറ്റിയിൽ വരണമെങ്കിൽ രണ്ട് മാസമെങ്കിലും സമയമെടുക്കും. ഇത്രയും സമയം അവർ കൽത്തുറുങ്കിലും മറുനാടുകളിലുമായി കഴിയേണ്ടിവരുന്നുവെന്ന ദുര്യോഗമാണ് ഇന്നുണ്ടായിരിക്കുന്നത്. ഈ നിയമം എൽ.ഡി.എഫ്. സർക്കാരാണ് കൊണ്ടുവന്നത്. അന്ന് യു.ഡി.എഫ്.കാർക്ക് ഇതുപോലെ എന്തെങ്കിലും പരാതി ഉണ്ടായിരുന്നോ? നിഷ്പക്ഷമായി പ്രവർത്തിച്ചുകൊണ്ടിരുന്ന അപ്പലേറ്റ് അതോറിറ്റിയെപ്പോലും നിങ്ങളുടെ ചട്ടുകമാക്കുകയല്ലെ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്? ഈ കഴിഞ്ഞ മേയ് 31-ാം തീയതി എറണാകുളത്ത് ചേർന്ന പോലീസിന്റെ ഉന്നതോദ്യോഗസ്ഥന്മാരുടെ യോഗത്തിൽ അപ്പലേറ്റ് അതോറിറ്റിയുടെ ചെയർമാനെയും അംഗങ്ങളെയും പങ്കെടുപ്പിച്ചത് അതിനുദാഹരണമല്ലെ; പ്രതിചേർക്കപ്പെടുന്നവർക്ക് നീതി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് അപ്പലേറ്റ് അതോറിറ്റിയല്ലെ? പരമാവധി ഇടതുപക്ഷ പ്രവർത്തകരെ ഗുണ്ടാ നിയമമുപയോഗിച്ച് അകത്താക്കണമെന്ന നിർദ്ദേശമാണ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 31-ാം തീയതി ചേർന്ന യോഗത്തിൽ എടുത്തിരിക്കുന്നതെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. നാട്ടിൽ ഗുണ്ടകളും കൊള്ളക്കാരും അഴിഞ്ഞാടുന്നതിന്റെ വാർത്തകൾ നിത്യവും വന്നുകൊണ്ടിരിക്കുകയാണല്ലോ; പോലീസ് തന്നെ ഗുണ്ടാപ്പണി നടത്തുന്നത് സംബന്ധിച്ചും വാർത്തകൾ ഉണ്ടല്ലോ? അതൊന്നും അടിച്ചമർത്താനോ ജനങ്ങൾക്ക് സ്വൈര്യജീവിതം

പ്രധാനം ചെയ്യാനോ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങൾ രാഷ്ട്രീയ വൈരികളെ അടിച്ചും തലതല്ലിപ്പൊളിച്ചും കള്ളക്കേസിൽ കുടുക്കിയും തുറുങ്കിലടച്ചും ഒതുക്കാൻ ശ്രമിക്കുകയാണ്. ഇത് അത്യന്തം അപലപനീയവും പ്രതിഷേധാർഹവുമാണ്. നമ്മുടേത് ജനാധിപത്യ സംവിധാനമല്ലേ; അടിയന്തരാവസ്ഥയൊന്നും ഇവിടെ പ്രഖ്യാപിച്ചിട്ടില്ലല്ലോ; ജനാധിപത്യത്തിന് കളങ്കം ചാർത്തുന്ന നടപടികളല്ലേ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; ജനാധിപത്യം തകർത്ത് തരിപ്പണമാക്കുമെന്ന് പ്രതിജ്ഞയെടുത്താണോ ശ്രീ. രമേശ് ചെന്നത്തലയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആഭ്യന്തര വകുപ്പ് തട്ടിയെടുത്തിരിക്കുന്നത്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പരാമർശിച്ച സജാദിനെതിരായിട്ടുള്ള കേസ്, അങ്ങ് മുഖ്യമന്ത്രിയായിട്ടിരുന്നപ്പോൾ എടുത്ത കേസുണ്ട്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹം പ്രസംഗിച്ചോട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അദ്ദേഹം വഴങ്ങിയതാണ്.

മി. സ്പീക്കർ: വഴങ്ങുന്നതല്ല പ്രശ്നം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അദ്ദേഹത്തിന്റെ പെർമിഷനോടുകൂടിയാണ്. എന്നെക്കൂടി ബാധിക്കുന്ന ഒരു കാര്യം അദ്ദേഹം സൂചിപ്പിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് ഒന്നു വഴങ്ങുന്നതിന് ചോദിച്ചു. അദ്ദേഹം വഴങ്ങി.

ശ്രീ. സി. ദിവാകരൻ: സർ, ഇക്കാര്യം ചർച്ച ചെയ്യാൻ തയ്യാറായതുകൊണ്ടാണല്ലോ മന്ത്രിമാർതന്നെ ഇങ്ങനെ എഴുന്നേറ്റ് നിൽക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ നേതാവാണ് പ്രതിപക്ഷനേതാവ്. അദ്ദേഹം വഴങ്ങി.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട സ്പീക്കർ, മന്ത്രി തന്നെ ഇതേപ്പറ്റി ചിലത് പറയാൻ ഉദ്ദേശിച്ചാൽ ഞാൻ ഇരിക്കണ്ടെ?

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അത് ശരിയല്ല. ഇത്തരം സന്ദർഭങ്ങളിൽ എല്ലാം വൈൻഡപ്പ് ചെയ്ത് പ്രതിപക്ഷനേതാവ് പറയുമ്പോൾ നിങ്ങൾ മിനിസ്റ്റേഴ്സ് തന്നെ എഴുന്നേല്ക്കുമ്പോൾ അതിന്റെ സ്വഭാവം മാറുന്നു. പ്ലീസ്...... പ്ലീസ്...... ഇവിടെ ശ്രീ. സി. ദിവാകരൻ പറഞ്ഞ ഒരു പ്രശ്നം വരുന്നു. സ്വാഭവികമായും അങ്ങനെയാവണം. വൈൻഡപ്പ് ചെയ്തിട്ട് വാക്കൗട്ടിന് പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഇടയ്ക്ക് ഒരു മിനിസ്റ്ററുടെ ഭാഗത്ത് നിന്ന് ........... എനിക്കതിനോട് യോജിക്കാൻ സാദ്ധ്യമല്ല. ഇരിക്കാം ചർച്ച ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞത് കേട്ടില്ലേ? നിങ്ങൾ ഫ്രണ്ടിലിരുന്ന് പരസ്പരം ആവശ്യമില്ലാത്ത കാര്യങ്ങൾ ന്യായീകരിക്കണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെയല്ല. അങ്ങ് റെക്കോർഡ്സ് നോക്കിക്കൊള്ളൂ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാനൊരു നിശ്ചിത സമയം മാത്രം എടുക്കുകയും, സഭ്യമായി മാത്രം വിശദീകരിക്കുകയും ചെയ്യുന്നത് സാധാരണയാണ്. അസാധരണമായും ചിലപ്പോൾ ചിലത് ഞാൻ പ്രയോഗിക്കാറുണ്ട്. അതിപ്പോൾ ഇവിടെ പ്രയോഗിക്കുന്നില്ല. ബഹുമാനപ്പെട്ട അങ്ങയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന ഈ സഭ, അതിന്റെ അന്തസ്സുതന്നെ പരിപാലിച്ചുകൊണ്ടാണ് ഞങ്ങളെല്ലാം സംസാരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടേത് ജനാധിപത്യ സംവിധാനമല്ലേ; അടിയന്തരാവസ്ഥയൊന്നും ഇവിടെയില്ലല്ലോ; ജനാധിപത്യത്തിന് കളങ്കം ചാർത്തുന്ന നടപടികളല്ലെ ഈ സർക്കാർ സ്വീകരി

ച്ചുകൊണ്ടിരിക്കുന്നത്; ജനാധിപത്യം തകർത്ത് തരിപ്പണമാക്കുമെന്ന് പ്രതി ജ്ഞയെടുത്താണോ ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തലയും, ശ്രീ. തിരു വഞ്ചൂർ രാധാകൃഷ്ണനും ആഭ്യന്തര വകുപ്പ് തട്ടിയെടുത്ത്.......... ഇതെല്ലാം അതിരുകടന്ന് ചെയ്യാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ അവതരിപ്പിച്ച പല അടിയന്തരപ്രമേയങ്ങളിൽ നിന്നും ഈ സർക്കാർ കേരളത്തെ ഇരുട്ടിലേക്ക് തള്ളിക്കൊണ്ടിരിക്കുകയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഇപ്പോൾ ജനാധിപത്യത്തിന്റെ അന്ത :സത്തയുടെ കടയ്ക്കൽതന്നെ കത്തിവെച്ചുകൊണ്ടാണ് ഗുണ്ടാ നിയമം പ്രയോഗിച്ച് രാഷ്ട്രീയ എതിരാളികളെ വകവരുത്താൻ ശ്രമിക്കുന്നത്. ഗുരുത രമായ ഈ പ്രശ്നം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത സർക്കാർ നടപടി ഈ സംസ്ഥാനത്ത്, കേന്ദ്രത്തിൽ ഇപ്പോൾ ശ്രീ. നരേന്ദ്ര മോദിയുടെ ഭരണവും അതിനെ വെല്ലുവിളിച്ചുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണവുംകൂടി ജന ങ്ങളുടെമേൽ അമിതമായ വിലക്കയറ്റം, തൊഴിലില്ലായ്മ, സ്ത്രീക ളുടെമേലുള്ള കടന്നുകയറ്റങ്ങൾ ഇതിനെസംബന്ധിച്ചെല്ലാംതന്നെ ബഹുജന സമരങ്ങൾ ഒന്നിനൊന്ന് ശക്തിപ്പെട്ടുവരികയേയുള്ളു. മർദ്ദനംകൊണ്ട്, വെടി വെയ്പ്പുകൊണ്ട്, കാപ്പ കൊണ്ടുമെല്ലാംതന്നെ ഇതിനെ ഒതുക്കാമെന്ന് കരുത രുത്. ഞാൻ നിങ്ങളോട് പറയുകയാണ്, അമ്പലപ്പുഴ, ചേർത്തല താലൂക്കുക ളിൽ ജനാധിപത്യത്തിന് വേണ്ടി, പൗരാവകാശത്തിനുവേണ്ടി പോരാടിയ ജന ങ്ങളെയാണ് സർ സി. പി. രാമസ്വാമി അയ്യർ അടിയന്തരാവസ്ഥ ഏറ്റെടുത്തു കൊണ്ട്, അവിടെ ആയിരത്തോളം ആളുകളെ വെടിവെച്ചുകൊന്നത്. ഒരു അമ്പലപ്പുഴക്കാരൻതന്നെ ആ വെടിവെയ്പ്പിന് നേതൃത്വംകൊടുത്തയാളിന്റെ കഴുത്തിന് വെട്ടുകൊടുത്തു. എന്നിട്ട് ആരോടും ചോദിക്കാതെ ജോലി റിസൈൻ ചെയ്തുകൊണ്ട് അദ്ദേഹം മദ്രാസിലേയ്ക്ക് പോയി. അതും ഈ

നാട്ടിലാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ഒരു തരത്തിൽ, ഒരു വരയുടെ ഉള്ളിൽ ക്ഷമിക്കാവുന്നതും സഹിക്കാവുന്നതും മാത്രമേ ജനങ്ങൾ സഹിക്കൂ. അതിനപ്പുറം കടന്നാൽ ജനങ്ങൾ എന്തുചെയ്യുമെന്നും ഈ രാജ്യം കണ്ടിട്ടുണ്ട്. ഗുണ്ടാ നിയമം നല്ല ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നതാണ്. ആ നിയമത്തിന്റെ പരിപാലനം അന്തഃസ്സായി നടപ്പിലാക്കുന്നതിന് ഞങ്ങൾ എല്ലാ വിധത്തിലും അനുകൂലിക്കും. അല്ലാതെ ബഹുജനസമരങ്ങളിലേർപ്പെടുന്ന ആളുകളെ, അഴുക്കുകൾ കൊണ്ടുവന്നു ജനങ്ങളുടെ മുമ്പിലിട്ടാൽ അതിനെ ചോദ്യം ചെയ്യുന്നത് നിയമവിരുദ്ധമാണോ; നിയമം പരിരക്ഷിക്കാനുള്ള കാര്യങ്ങളല്ലേ; വിവേചനാപരമായ സമീപനം എടുക്കാൻ പോലീസിന് കഴിയുന്നില്ലേ; അതോ പോലീസിനെ തന്നെ നിങ്ങൾ അങ്ങനെ ചെയ്താൽ പോര, പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരികയാണ് അതുകൊണ്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പ് മര്യാദയ്ക്ക് നടക്കാതിരിക്കാൻ വേണ്ടിയിട്ട് ഈ പ്രതിപക്ഷത്തെ ഒതുക്കേണ്ടതുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്ത് മെമ്പർ, പൊതു പ്രവർത്തകന്മാർ, ഡി.വൈ.എഫ്.ഐ.യുടെയും എസ്.എഫ്.ഐ.യുടെയും എ.ഐ.എസ്.എഫ്.ന്റെയും പോലുള്ള പൊതു പ്രവർത്തകന്മാരെയെല്ലാം, അവരിൽ എല്ലാവരും മാന്യന്മാരാണെന്ന് ഞാൻ പറയുന്നില്ല, പക്ഷെ അതാണ് ഞങ്ങൾ പറയുന്നത്. ആ തരത്തിലുള്ള റിവ്യൂ നടത്തേണ്ടതിന്റെ ആവശ്യമുണ്ട്. നിങ്ങൾ ധരിച്ചുവച്ചിരിക്കുന്നതും പോലീസിന് നിർദ്ദേശം കൊടുത്തിരിക്കുന്നതുമായിട്ടുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിങ്ങളുടെ ഉദ്ദേശം സഫലമാക്കാൻവേണ്ടി പോലീസ് യാതൊരുതരത്തിലുള്ള അക്രമവും കാണിക്കാത്ത, നിരപരാധികളായിട്ടുള്ള പൊതുപ്രവർത്തകരെ ഇത്തരത്തിൽ കൈകാര്യം ചെയ്യുന്നു. അതുകൊണ്ട് വിവേചനം വേണം, പരിശോധന വേണം, തെറ്റുകളിലേക്ക് പോലീസ് കടന്നാൽ, പോലീസും........ ഇതു വാങ്ങു

ന്നവരല്ലേ? അതുകൊണ്ട് പോലീസ് എടുത്തുകഴിഞ്ഞിരിക്കുന്നു എന്നു പറയുന്നതിന്റെ പേരിൽ എല്ലാം ശരിയാകണമെന്നില്ല. അതുകൊണ്ട് റിവ്യൂ വേണം, പരിശോധന വേണം, തെറ്റുകാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ പരസ്യമായ നടപടി സ്വീകരിക്കാനുള്ള ധൈര്യം കാണിക്കണം. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ഇതിനുമുമ്പുള്ള നിങ്ങളുടെ ആഭ്യന്തരകാര്യ മന്ത്രിയുടെ സമീപനത്തിൽ നിന്നും കണിശമായ ഒരു വ്യതിയാനം കാട്ടുമെന്ന് ആശിച്ചുകൊണ്ട് ഈ പ്രമേയത്തിന്റെ അന്തഃസത്ത പരിപാലിക്കാൻ വേണ്ടി നിങ്ങൾ തയ്യാറാകാത്ത ഈ സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. ദിവാകരൻ:</u> സർ, പൊതുപ്രവർത്തകരുടെ നേർക്ക് സാമൂഹ്യവിരുദ്ധനിയമം ഉപയോഗിച്ച് അവരെ പീഡിപ്പിക്കുന്നു എന്ന പ്രശ്നമാണ് നിയമസഭയിൽ ഞങ്ങൾ ഉന്നയിച്ചത്. അതിന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞ മറുപടി ഒന്നും തന്നെ നിഷേധിച്ചുകൊണ്ടല്ല, കാപ്പ നിങ്ങൾ ദുർവിനിയോഗം ചെയ്തിട്ടില്ലെന്നു പറയാൻ പറ്റില്ല. ദുർവിനിയോഗം ചെയ്തിട്ടുണ്ടെങ്കിൽ അത് പരിശോധിക്കണം. ഈ നിയമം അപ്പുറത്തിരിക്കുന്ന ഏതെങ്കിലും കെ.എസ്.യു ക്കാരുടെയോ യൂത്ത്കോൺഗ്രസ്സ്കാരുടെയോ പേരിൽ ഉപയോഗിച്ചിട്ടുണ്ടോ? ഒരു ഉദാഹരണം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, കേശവേന്ദ്ര എന്നുപറയുന്ന ജൂനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെ പട്ടാപ്പകൽ കരി ഓയിൽ ഒഴിച്ചില്ലേ?

നിങ്ങൾ എന്ത് നടപടിയെടുത്തു? ഒരു നടപടിയുമെടുത്തില്ല. ഒരുപാട് ഉദാഹരണങ്ങൾ പറയാനുണ്ട്. ശ്രീ. പി.സി വിഷ്ണുനാഥും കാപ്പാ നിയമത്തിൽ വരാൻ പോകുകയാണ് കാരണം ഞാൻ പറഞ്ഞുതരാം, ഈ നിയമമനുസരിച്ച് ആരേയും അകത്താക്കാൻ കഴിയുന്നതാണ്. 3 എഫ്.ഐ.ആർ. ഇട്ടാൽ മതി, ഞങ്ങളൊക്കെ 6 എഫ്.ഐ.ആറിൽ കിടക്കുകയാണ്. ഞങ്ങളെല്ലാം ഗുണ്ട ആക്ടിൽ വരുന്നതാണ്, പലരും വരും. ഈ ഗവൺമെന്റ് സമരങ്ങളെല്ലാം അടിച്ചമർത്തുകയാണ്, പല നിയമങ്ങളും ഉപയോഗിക്കുകയാണ്. ജാമ്യം നിഷേധിക്കുക, ഞങ്ങളെപ്പോലുള്ള ആളുകൾ ഇപ്പോഴും കേസ്സിലെ പ്രതികളാണ്. നാളെ എന്നെ വേണമെങ്കിൽ ശ്രീ.രമേശ് ചെന്നിത്തലക്ക് കാപ്പ നിയമമനുസരിച്ച് അകത്താക്കാം. എനിക്ക് നാലോ, അഞ്ചോ എഫ്.ഐ.ആർ ഉണ്ട്. ഇവിടെയിരിക്കുന്ന പലരുടേയും പേരിലുണ്ട്. അതു ചെയ്യുന്നത് ശരിയല്ല. രാഷ്ട്രീയപ്രവർത്തകർ, പൊതുപ്രവർത്തകർ മുതലായവരെ സംബന്ധിച്ച് ഈ നിയമം നിങ്ങൾ ഉപയോഗിക്കുമ്പോൾ എ.ഐ.വൈ.എഫ്. ആയാലും ഡി.വൈ.എഫ്.ഐ. ആയാലും എസ്.എഫ്.ഐ ആയാലും കെ.എസ്.യു. ആയാലും പൊതുപ്രവർത്തകരാണോ, പത്ത് ആളുകളറിയുന്നവരാണോ അവരുടെ പേരിൽ ഇങ്ങനെ സാമൂഹ്യവിരുദ്ധമായ മുദ്ര കുത്തരുത്. അങ്ങനെയാണെങ്കിൽ ഇവിടെ സമരം ചെയ്യാൻ പറ്റില്ല. കല്ലെറിയുന്നത് സാമൂഹ്യവിരുദ്ധമല്ലെ? കല്ലെറിയാത്തവർ ആരെങ്കിലും അപ്പുറത്തിരിപ്പുണ്ടോ; ഇല്ലല്ലൊ? നിങ്ങളും എറിഞ്ഞിട്ടുണ്ടല്ലോ? ചില സന്ദർഭങ്ങളിൽ ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ചിലപ്പോൾ നിയമവിരുദ്ധമായ വഴികളിൽ നമുക്ക് സഞ്ചരിക്കേണ്ടിവരും. കാണാം ഇൻഡ്യയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം. അതനുസരിച്ച് നിങ്ങൾ എവിടെയാണ് പോകാൻ പോകുന്നത്. പല കാര്യങ്ങളും നമുക്ക് പരസ്യമായി നേരിടേണ്ടിവരും, അന്നേരമെല്ലാം നമ്മുടെ ശത്രുക്കളിൽ നേര

ത്തെതന്നെ ഈ വടി കൊടുക്കരുത്. ഇടുക്കിയിൽ ബിഷപ്പ്ഹൗസ് ആക്രമിച്ച യൂത്ത്കോൺഗ്രസ്സ്കാരനെ നിങ്ങൾ എന്തുചെയ്തു? റിമാന്റൊന്നും ചെയ്തി ല്ല. അയാളെ പിടിച്ചിട്ടു വിട്ടു. ഇടുക്കിയിൽ ബിഷപ്പ് ഹൗസ് കൈകാര്യം ചെയ്തു, ഒരു ജൂനിയർ ഐ.എ.എസു.കാരനെ കരി ഓയിൽ ഒഴിച്ചു. ഇതെല്ലാം ഞങ്ങളാണോ? നിങ്ങളുടെ കാപ്പാ നിയമം അവിടെ നിശ്ചലമാ യതും, മൗനമായതും എന്തുകൊണ്ടാണ്? കേരളത്തിന് ഇത് അപമാനകരമാ ണ്. ശ്രീ. രമേശ്ചെന്നിത്തല, കേരളത്തിലെ രാഷ്ട്രീയപ്രവർത്തകരെ, പൊതു പ്രവർത്തകരെ കാപ്പാ നിയമം ഉപയോഗിച്ച് ജയിലിലടയ്ക്കുന്നു എന്നുള്ള വാർത്ത നാഷണൽ ലെവലിൽ പോയാൽ എന്താണ് സ്ഥിതി. നിങ്ങളുടെ പോലീസ് പറയുന്നത് കേരളം ഭീകരപ്രവർത്തകരുടെ താവളമാണെന്നാണ്. രാഷ്ട്രീയപ്രവർത്തകരെപ്പറ്റി നിങ്ങൾ പറയുന്നത് അവർ കാപ്പാ നിയമത്തിൽ പെടുന്നുവരാണെന്നാണ്. അതിന് നമ്മൾ എവിടെയാണ് പോകുന്നത്? പോലീ സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? നിങ്ങളുടെ പോലീസ് സൈന്യ ത്തിൽ എത്ര ഉന്നത ഉദ്യോഗസ്ഥരാണ് ക്രിമിനൽസായിട്ടുള്ളത്. നിങ്ങൾ തന്നെ ലിസ്റ്റു പബ്ളിഷ് ചെയ്തിട്ടുള്ളത്. 58 ഉന്നത ഉദ്യോഗസ്ഥൻമാർ ക്രിമി നൽസാണെന്ന വിവരം കഴിഞ്ഞ നിയമസഭയിൽ ഡി.ജി.പി. കൊടുത്തതാണ്. ആ പോലീസാണ് ഈ കാപ്പാ നിയമം കൈകാര്യം ചെയ്യുന്നത്. പാവപ്പെട്ട ആളുകൾ, രാഷ്ട്രീയപ്രവർത്തകർ പ്രതിപക്ഷത്തിരിക്കേണ്ടി വന്നവർ, നാളെ പ്രതിപക്ഷത്ത് ഇരിക്കാൻ പോകുന്നവർ നമുക്കൊക്കെ ഇവിടെ പ്രാർത്ഥന മതി, വേറെ ഒന്നും വേണ്ട. ഇപ്പോൾ പൊതുയോഗം നടത്താൻ നിവൃത്തി യില്ല, കോടതിയുടെ ഇടപെടൽ. പിക്കറ്റുചെയ്യാൻ നിവൃത്തിയില്ല. ഏതെ ങ്കിലും ഒരു കല്ല് തെറിച്ചു വീണാൽ അതിന് 10 ലക്ഷം രൂപ, 15 ലക്ഷം രൂപ കെട്ടിവച്ചാൽ മാത്രമേ കോടതിയിൽ നിന്നും ജാമ്യം ലഭിക്കുകയുള്ളൂ, അല്ലെ

ങ്കിൽ ജാമ്യമില്ല. എവിടെയാണ് നമ്മൾ പോകുന്നത്? മഹാത്മാഗാന്ധി ചെയ്ത കാര്യങ്ങളെല്ലാം നിയമവിധേയമായ കാര്യമാണോ? കോൺഗ്രസ്സുകാർ കഴിഞ്ഞ കാലത്ത് ചെയ്ത കാര്യങ്ങളെല്ലാം നിയമവിധേയമായ കാര്യങ്ങളാണോ? ഈ കാപ്പ എൽ.ഡി.എഫ്. ന്റെ കാലത്ത് പാസ്സാക്കിയെന്ന അവസരമുപയോഗിച്ച്, എന്നാൽ നിങ്ങൾക്കുതന്നെ ഇരിക്കട്ടെ പണി, അങ്ങനെ വിചാരിക്കുന്നത് ശരിയല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിങ്ങളെല്ലാവരും കൂടി ഗൗരവമായി ആലോചിച്ച് ഇതിൽ പ്രതികളായിട്ടുള്ള നിരപരാധികളേയും പാവപ്പെട്ടവരേയും രാഷ്ട്രീയപ്രവർത്തകരെയും ഇതിൽ നിന്നും ഒഴിവാക്കണം. ഇതു ചർച്ചചെയ്യേണ്ട വിഷയമായിരുന്നു. ഒരു അടിയന്തിരപ്രമേയവും ചർച്ചചെയ്യാൻ പാടില്ലെന്ന് നിയമസഭയിൽ നിങ്ങൾ കാപ്പ ഉപയോഗിച്ചിരിക്കുകയാണ് നിയമസഭയിൽത്തന്നെ കാപ്പ ഉപയോഗിച്ച് ഒരു പ്രശ്നവും ചർച്ചചെയ്യാൻ നിവർത്തിയില്ലാത്ത സാഹചര്യത്തിൽ ഇവിടെയിരുന്നിട്ട് കാര്യമില്ല. അതുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

## “കാപ്പ” നിയമത്തിന്റെ ദുരുപയോഗം

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ നാട്ടിൽ “കാപ്പ” നിയമമനുസരിച്ച് കസ്റ്റഡിയിലെടുക്കപ്പെട്ട, അതാത് പ്രദേശത്തുനിന്ന് പുറത്താക്കപ്പെട്ട ആളുകളിൽ പലരും കോടതിയുടെ സഹായത്തോടുകൂടി മോചിതരാക്കപ്പെട്ടു. എം.എൽ.എ.ആയ ശ്രീമതി കെ. കെ. ലതികയുടെ മകനായ എഞ്ചിനീയർ, ഒരു രാഷ്ട്രീയ പ്രവർത്തകന്റെയും പ്രവർത്തകയുടെയും മകനെന്ന നില

യിൽ ചില പ്രശ്നങ്ങളിൽ ബന്ധപ്പെട്ടപ്പോൾ മറ്റൊരു തെറ്റും ചെയ്യാത്ത ഈ ചെറുപ്പക്കാരനെതിരെ ഈ "കാപ്പ" നിയമം ചെലുത്തി അറസ്റ്റുചെയ്തു. ഒരു കാര്യം ഇവിടെ ബോദ്ധ്യപ്പെടുത്താനുള്ളത് ഒരുകാലത്ത് ജനാധിപത്യപരമായ മാർഗ്ഗം സ്വീകരിക്കാത്ത പ്രസ്ഥാനങ്ങൾ പോലും ഇന്ന് ജനാധിപത്യത്തിന്റെ പാതയിലേയ്ക്ക് വരുന്നു, സമാധാനപരമായ സമരങ്ങൾ നടത്തുന്നു. എന്നിരുന്നാലും ചില അവസരങ്ങളിൽ കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടാവാം. അവയൊക്കെ ഒരു ജനാധിപത്യ സംവിധാനമെന്നുള്ള നിലയ്ക്ക് ഗവൺമെന്റിന് കൈകാര്യം ചെയ്യാൻ സാധിക്കേണ്ടതാണ്. അതിനുകഴിയാതിരുന്നാൽ നമ്മുടെ നാട്ടിലെ ചെറുപ്പക്കാരെ തീവ്രവാദത്തിലേയ്ക്ക് നയിക്കുന്നതിന്റെ ഉത്തരവാദിത്തം ആ രീതിയിലുള്ള നിലപാട് സ്വീകരിക്കുന്ന സർക്കാർ തന്നെ ഏറ്റെടുക്കണം. പഴയകാലത്ത് ഇവിടെ വിദ്യാർത്ഥി പ്രക്ഷോഭങ്ങളും യുവജനപ്രക്ഷോഭങ്ങളുമുണ്ടായിട്ടുണ്ട്. അത്തരമവസരങ്ങളിലെല്ലാം യുവജന/വിദ്യാർത്ഥി നേതാക്കളെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുമായിരുന്നു. അന്ന് മർദ്ദനങ്ങൾ വളരെ കുറവായിരുന്നു. പക്ഷേ, ഇന്ന് ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് സമരങ്ങളെയെല്ലാം അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ കൂടുതൽ കൂടുതൽ അക്രമങ്ങൾ ഉണ്ടാകുന്നു. കൂടുതൽ ആയുധങ്ങളെ ഗവൺമെന്റിന് ആശ്രയിക്കേണ്ടിവരുന്നു. ഒരു കാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂരിൽ പോയ അവസരത്തിൽ അദ്ദേഹത്തിന്റെ നേർക്കുണ്ടായ അക്രമത്തിൽ രണ്ട് എം.എൽ.എ.മാരെ പ്രതികളാക്കി കേസെടുത്തു. അവിടെ മുഖ്യമന്ത്രിയുടെ കാറിനുനേരെ കല്ലേറുണ്ടാവുകയും മുഖ്യമന്ത്രിക്ക് പരിക്കുപറ്റുകയും ചെയ്തു. ആദ്യദിവസം ചാനലുക

ളിലെല്ലാം ഒരു വ്യക്തി കല്ലെറിയുന്നത് വ്യക്തമായി കാണിച്ചു. പോലീസ് അദ്ദേഹത്തെ ചോദ്യം ചെയ്തു. അദ്ദേഹം ഇടതുപക്ഷജനാധിപത്യ മുന്നണി യുടെ പ്രവർത്തകനല്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ "കാപ്പ" നിയമം അദ്ദേഹത്തി നെതിരായി ഉപയോഗിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കാറിനുനേരെ കല്ലെറിഞ്ഞുവെന്ന് വ്യക്തമായ ഒരാളെ കേസിൽ പ്രതിയാക്കിയില്ല. എന്നാൽ ജനകീയ സമരങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികളെയും യുവാക്കളെയും കാപ്പ നിയമം ഉപയോഗിച്ച് അറസ്റ്റ് ചെയ്യുകയും നിയമം ദുരുപയോഗം ചെയ്യു കയുമാണ്. ഇക്കാര്യത്തിൽ ഒരു ചർച്ചയ്ക്ക് പോലും തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭ യിൽനിന്ന് ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗ ങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കുറ്റവാളികളെ തുറുങ്കിലടച്ച് നിയമ വാഴ്ച ഉറപ്പുവരുത്താനാണ് "കാപ്പ" നിയമം പാസ്സാക്കിയത്. ഇവിടെ വിശദീക രിച്ച കണക്കുകൾ പരിശോധിച്ചാൽ "കാപ്പ" നിയമം ദുരുപയോഗപ്പെടുത്തി യെന്ന് പ്രത്യക്ഷത്തിൽ കാണാൻ കഴിയും. കാപ്പ നിയമപ്രകാരം ചാർജ്ജു ചെയ്ത 34 കേസുകളും വിട്ടുപോയെങ്കിൽ അതിനർത്ഥം ആ കേസുകളി ലൊന്നും കഴമ്പുണ്ടായിരുന്നില്ലായെന്നും. "കാപ്പ" നിയമം ദുരുപയോഗപ്പെടു ത്തിയിട്ടുണ്ടെന്നുമാണ്. അങ്ങനെ ദുരുപയോഗപ്പെടുത്തിയാൽ നിയമവാഴ്ച യാണ് ഇല്ലാതാകാൻ പോകുന്നത്. നിയമവാഴ്ച ഇല്ലാതാവുകയെന്ന് പറ യുന്നത് ജനാധിപത്യസംവിധാനത്തെ തകർക്കലാണ്. അത്രയും പ്രത്യക്ഷ

മായി കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടും അതേക്കുറിച്ചൊരു പുനരാലോചന നടത്താതെ, അതിൽ പാളിച്ചപറ്റിയിട്ടുണ്ടോയെന്ന് അന്വേഷിക്കാതെ വെറും പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുകയും പ്രതിപക്ഷത്തെ ഭീഷണിപ്പെടുത്താനും പ്രതിപക്ഷപ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യാനും സമരങ്ങളെ അടിച്ചമർത്താനും വേണ്ടിമാത്രം ഉപയോഗിക്കുന്ന ഒരു നിയമത്തെ സംബന്ധിച്ചുള്ള ഗവൺമെന്റ് നിലപാട് ചർച്ച ചെയ്യണമെന്നാണ് ഇവിടെ ആവശ്യപ്പെട്ടത്. ട്രൈബ്യൂണൽ മുമ്പാകെ പോയിട്ടും വിട്ടുപോയ തരത്തിൽ 26 കേസുകൾ ഉണ്ടായിട്ടും എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് ആലോചിച്ചിട്ടുണ്ടോ; അങ്ങനെ ആലോചിച്ചിട്ടുണ്ടെങ്കിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കപ്പെടില്ലായിരുന്നു. അതൊക്കെ ഇവിടെ പറയണമെന്നും ശരിയായ രൂപത്തിലുള്ള നിയമപ്രവർത്തനങ്ങൾ നടക്കണമെന്നുമാണ് ഞങ്ങൾ ആഗ്രഹിച്ചത്. പക്ഷേ, പ്രതിപക്ഷത്തുനിന്ന് കൊണ്ടുവന്ന അടിയന്തരപ്രമേയമെന്ന രീതിയിലുള്ള സങ്കുചിത വീക്ഷണത്തിൽ മാത്രം ഇതിനെ കണ്ടതുകൊണ്ടാണ് നിയമവാഴ്ചയെ ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാതിരുന്നത്. അത്തരമൊരു നിലപാടിനെ അനുകൂലിക്കാനോ സഹകരിക്കാനോ സാധ്യമല്ലാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)